പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3664 15.3.2018 -ൽ മറുപടിയ്ക്ക്

# ടൂറിസം മേഖലയിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ.അനൂപ് ജേക്കബ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | വിനോദസഞ്ചാര നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതോടുകൂടി കേരളത്തിന് ടൂറിസം മേഖലയിൽ വമ്പിച്ച കുതിച്ചുചാട്ടം നടത്തുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നുണ്ടോ;വിശദാംശം നൽകുമോ; | എ) | സംസ്ഥാനത്തിന്റെ സമഗ്ര ടൂറിസം വികസനം ലക്ഷ്യമാക്കിയുള്ള പുതിയ ടൂറിസം നയം നടപ്പിലാക്കുക വഴി കേരളത്തിന് ടൂറിസം മേഖലയിൽ കുതിച്ചുചാട്ടം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ടൂറിസം നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു<br><br>• ടൂറിസ്റ്റുകളുടെ പ്രത്യേകത മനസ്സിലാക്കി കേരളത്തിന്റെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടുള്ള കാഴ്ചപ്പാട് ആവിഷ്കരിക്കുക.<br>• കേരളത്തിന്റെ പുറംലോകം അറിയാത്ത തനിമകളെ പുത്തൻ ഉത്പന്നങ്ങളായി അവതരിപ്പിക്കുക.<br>• ആരോഗ്യരംഗം, ഇക്കോ ടൂറിസം തുടങ്ങി കലയും സംസ്കാരവും ഇഴചേർന്ന പൈതൃക ടൂറിസം വികസിപ്പിക്കുക<br>• വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് പാരമ്പര്യ ചികിത്സാകേന്ദ്രങ്ങളുടെ നിലവാരം ഉറപ്പാക്കുക<br>• ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക<br>• ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുക<br>• സുസ്ഥിര ടൂറിസം വികസനത്തിന് കർമ്മ |

| | | | |
|---|---|---|---|
| | | | പരിപാടി ആസൂത്രണം ചെയ്യുക<br>• ജനകീയ പങ്കാളിത്തത്തോടെ വിനോദസഞ്ചാര വ്യവസായത്തെ പ്രാദേശിക സമ്പദ്ഘടനയുടെ നട്ടെല്ലാക്കുക. അതുവഴി പ്രവാസികളടക്കമുള്ള സ്വകാര്യ വ്യക്തികളെയും സ്ഥാപനങ്ങളെയും ടൂറിസം മേഖലയിൽ മുതൽമുടക്കുന്നതിന് പ്രോത്സാഹനം നൽകുക<br>• പുതിയ ടൂറിസം ഉത്പന്നങ്ങൾ അവതരിപ്പിക്കുക<br>• കിഫ്ബിയുടെ സാധ്യത ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തുക<br>• കേരള ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിക്കുക<br>• തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക<br>• കേരള ടൂറിസത്തിന് ബ്രാൻഡ് അംബാസഡറെ നിയമിക്കുക<br>• മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും പാഠ്യപദ്ധതിയുടെ ഭാഗമാക്കുക<br>• കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി എന്ന പുത്തൻ ആശയം നടപ്പാക്കുക<br>• ടൂറിസം വകുപ്പിൽ കാലോചിതമായ പരിഷ്കാരം നടപ്പാക്കുക<br>• ഹരിത പെരുമാറ്റച്ചട്ടം അനുസരിച്ച് മാലിന്യ നിർമ്മാർജ്ജനം നടപ്പിലാക്കുക.<br>• പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ടൂറിസം മേഖലയിൽ 2017-2022 കാലയളവിൽ 4 ലക്ഷം പുതിയ തൊഴിലവസരം സൃഷ്ടിക്കുക എന്നിവയാണ് സർക്കാരിന്റെ പുതിയ വിനോദസഞ്ചാരനയത്തിന്റെ കാതൽ. |
| ബി) | കേരള ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള | ബി) | ഇല്ല. ടൂറിസം സംരംഭകത്വ ഫണ്ട് ഉൾപ്പെടെ ടൂറിസം നയത്തിലെ വിവിധ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ ചർച്ചകൾ |

| | | | |
|---|---|---|---|
| | നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; | | നടന്നു വരുന്നു. |
| സി) | ടൂറിസ്റ്റുകളുടെ സുരക്ഷ ലക്ഷ്യമാക്കി ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അതോറിറ്റിക്ക് നൽകുന്ന ചുമതലകൾ എന്തൊക്കെയായിരിക്കും ; ;അതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | സി) | ഉണ്ട്. ടൂറിസം മേഖലയെ കാര്യക്ഷമവും ചൂഷണ രഹിതവുമാക്കുക എന്നതാണ് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരണം വഴി വിഭാവനം ചെയ്യുന്നത്. ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളെയും നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായി ഇത് പ്രവർത്തിക്കും. വ്യത്യസ്ത ടൂറിസം മേഖലകളിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാനുള്ള അധികാരം അതോറിറ്റിക്കുണ്ടാകും. വിനോദസഞ്ചാരികൾക്ക് ഉണ്ടാകുന്ന ദുരനുഭവങ്ങൾക്ക് ഉടനടി പരിഹാരം എത്തിക്കാനും സുസ്ഥിരവും കാര്യക്ഷമവുമായ ടൂറിസം വികസനം സാധ്യമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ വിനോദസഞ്ചാരകേന്ദ്രങ്ങളിലെ ദുഷ്പ്രവണതകൾക്കെതിരെ ഇടപെടാൻ അതോറിറ്റിക്ക് പൂർണ്ണ അധികാരമുണ്ടാകും. ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭ ചർച്ചകൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**